നമ്പർ.ICDS.B3-23566/12

സാമൂഹ്യക്ഷേമഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 18-07-2011

# സർക്കുലർ

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ് - ഐ.സി.ഡി.എസ്സ്. -ന്യൂനപോഷണം - സ്പെഷ്യൽ ഗ്രാമസഭ കൂടുന്നതിന് വേണ്ടി-

സൂചന:

സംയോജിത ശിശു വികസന സേവനങ്ങൾ വഴിയുള്ള ഒരു പ്രധാന സേവനമാണ് പോഷകാഹാര വിതരണം. സംയോജിത ശിശു വികസന സേവനങ്ങൾ ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറിയിട്ടുള്ളതാകയാൽ ഗ്രാമസഭയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതാണ്.

2012 ആഗസ്റ്റ് മാസത്തിൽ എല്ലാ പഞ്ചായത്തിലും ന്യൂനപോഷണം എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി പ്രത്യേക ഗ്രാമ സഭ കൂടുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. മാത്രമല്ല ഈ ഗ്രാമസഭയിൽ ആരോഗ്യം, ശുചിത്വ മിഷൻ, വാട്ടർ അതോറിറ്റി, കൃഷി, ഹോർട്ടികൾച്ചർ, ഡയറി ഡവലപ്പ്മെന്റ്, ഫിഷറീസ് എന്നീ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെയും നടപ്പിലാക്കേണ്ടതാണ്.

ഇതിനായി സാമൂഹ്യക്ഷേമ വകുപ്പിലെ ജില്ലാതല പ്രോജക്ട് തല, സെക്ടറൽ തല ഉദ്യോഗസ്ഥർ മറ്റു വകുപ്പിലെ ഉദ്യോഗസ്ഥരുമായി ആവശ്യമായ കോ ഓർഡിനേഷൻ നടത്തുകയും ഓരോ ഗ്രാമ പഞ്ചായത്ത് വാർഡിലും 1 മാസത്തിനകം സ്പെഷ്യൽ ഗ്രാമ സഭ കൂടുന്നതിന് ആവശ്യമായ നടപടികൾ എടുക്കേണ്ടതുമാണ്.

മറ്റു വകുപ്പിലെ ഉദ്യോഗസ്ഥർ അവരുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതാണ്. സാമൂഹ്യക്ഷേമ വകുപ്പിലെ സെക്ടർ, പ്രോജക്ട്, ജില്ലാ, സംസ്ഥാന തല ഉദ്യോഗസ്ഥർ ടി ഗ്രാമ സഭയിൽ പങ്കെടുക്കുകയും സംയോജിത ശിശു വികസന സേവനങ്ങൾ വഴി നടപ്പിലാക്കുന്ന പോഷകാഹാര വിതരണത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കേണ്ടതാണ്.

ഐ.സി.ഡി.എസ്സ്. ഗുണഭോക്താക്കളായ 6 മാസം മുതൽ 3 വയസ്സുവരെയും 3 വയസ്സുമുതൽ 6 വയസ്സുവരെയും ഉള്ള കുട്ടികൾക്കും, ഗർഭിണികൾക്കും പാലൂട്ടുന്ന

RS

അമ്മമാർക്കും സംയോജിത ശിശു വികസന സേവനങ്ങൾ വഴി ലഭിക്കുന്ന പോഷകാഹാരം, അളവ്, തവണ എന്നീ കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്. കൂടാതെ 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 500 കലോറിയും 12-15 പ്രോട്ടീനും PM, LM എന്നിവർക്ക് 600 കലോറിയും 18-20 പ്രോട്ടീനും, സിവിയർലി അണ്ടർവെയ്റ്റ്സിന് 800 കലോറിയും 20-25 പ്രോട്ടീനും നൽകേണ്ടതിന്റെ ആവശ്യകത പ്രത്യേകം എടുത്തു പറയേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

പോഷകാഹാര കുറവ് സംബന്ധിച്ച പ്രത്യേക ഗ്രാമസഭ 1 മാസത്തിനകം കൂടേണ്ടതാണ്. തുടർന്ന് മുഴുവൻ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തുന്ന വിധത്തിലുള്ള പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതാണ്. ഗ്രാമസഭയിൽ നടന്ന ചർച്ചയുടെ വിവരം തുടർനടപടിയായി എടുക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയ റിപ്പോർട്ട് ജില്ലാതലത്തിൽ ക്രോഡീകരിച്ച് സാമൂഹ്യക്ഷേമ ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറേറ്റ് തല ഉദ്യോഗസ്ഥർക്ക് പങ്കെടുക്കുന്നതിനായി ഓരോ ജില്ലയിൽ നിന്നും ഉള്ള ഓരോ ഗ്രാമ സഭയുടെ സ്ഥലം, തീയതി തുടങ്ങിയ വിവരങ്ങൾ കൂടി സാമൂഹ്യക്ഷേമ ഡയറക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ചർച്ചയ്ക്ക് സൂചകമാകുന്ന വിഷയങ്ങൾ ഉള്ളടക്കം ചെയ്യുന്നു.

സാമൂഹ്യക്ഷേമ ഡയറക്ടർ

RS

## സ്പെഷ്യൽ ഗ്രാമ സഭയിൽ ചർച്ച ചെയ്യുന്നതിനുള്ള വിഷയങ്ങൾ

1. പരിസര ശുചീകരണം.
2. ശുദ്ധമായ കുടിവെള്ളം.
3. കൈ കഴുകൽ.
4. പ്രതിരോധ കുത്തിവയ്പ്.
5. കുട്ടികളുടെ പ്രതിമാസ തൂക്കം എടുക്കൽ.
6. പോഷകക്കുറവുള്ള കുട്ടികളെ പരിചരണം.
7. തൂക്കക്കുറവുള്ളതും അസുഖം ഉള്ളതുമായ കുട്ടികളുടെ പരിചരണം.
8. പ്രാദേശികമായി ലഭിക്കുന്ന ഭക്ഷണം, പച്ചക്കറികൾ, സസ്യഭക്ഷണം, അടുക്കളത്തോട്ട നിർമ്മാണം .
9. മായം ചേർന്ന ഭക്ഷണം (സസ്യവും സസ്യേതരവും).
10. സംയോജിത ശിശു വികസന സേവനങ്ങൾ പ്രകാരമുള്ള അനുപൂരക പോഷകാഹാര പരിപാടി.
11. കൗമാരക്കാരായ പെൺകുട്ടികളുടെ ന്യൂനപോഷണം.

RS